സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ജൂൺ 20 ചൊവ്വ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറിയിൽ പൊട്ടിത്തെറി

# ഒരാൾ മരിച്ചു, നാലു പേർക്ക് പരുക്ക്



പാലക്കാട്: പാലക്കാട് കഞ്ചിക്കോട് സ്റ്റീൽ കമ്പനിയിൽ പൊട്ടിത്തെറി. അപകടത്തിൽ ഒരാൾ മരിക്കുകയും നാലു പേർക്ക് പരുക്കേൽക്കുകയും ചെയ്തു. കൈരളി സ്റ്റീൽ ഫാക്ടറിയിലാണ് പൊട്ടിത്തെറി നടന്നത്. ഫർണസ് പൊട്ടിത്തെറിച്ചാണ് അപകടമുണ്ടായതെന്നാണ് പ്രാഥമിക നിഗമനം. പത്തനംതിട്ട സ്വദേശി അരവിന്ദ് (22) ആണ് മരിച്ചത്. ഇതര സംസ്ഥാന തൊഴിലാളികളായ സുനിൽ ഷെട്ടി, നിഷാന്ത് ഷെട്ടി, പ്രദീപ് കുമാർ, ഹരി മിശ്ര എന്നിവർക്കാണ് പരുക്കേറ്റത്. ഇവരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അരവിന്ദിന്റെ മൃതദേഹം ഫർണസിനകത്തു നിന്ന് പുറത്തെടുത്തത് കത്തിക്കരിഞ്ഞ നിലയിലായിരുന്നു.

ഇയാൾ ഫർണസിനകത്ത് പെട്ടുപോയി എന്നാണ് കരുതുന്നത്. ഫയർ ഫോഴ്സ് സ്ഥലത്തെത്തി തീ നിയന്ത്രണവിധേയമാക്കി. കമ്പനിയിൽ എത്ര പേർ ഉണ്ടായിരുന്നുവെന്ന് വ്യക്തമല്ല. കൂടുതൽ ആളുകളുണ്ടോ എന്ന് തെരച്ചിൽ നടത്തുകയാണ്. പരുക്കേറ്റ നാലു പേർ പാലക്കാട് ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്.

രാവിലെ 5.30ക്കാണ് അപകടം നടന്നത്. അപകടകാരണം എന്തെന്ന് പരിശോധിച്ചു വരികയാണെന്ന് കമ്പനി അധികൃതർ പറഞ്ഞു. പൊട്ടിത്തെറിയുടെ ആഘാതത്തിൽ സമീപത്തെ വീടുകൾക്ക് കേടുപാട് പറ്റി. അപകടത്തിൽ മരിച്ച അരവിന്ദ് 2 മാസം മുമ്പാണ് ജോലിക്ക് എത്തിയത്. സ്ക്രാപ് വേർതിരിക്കാതെ ഫർണസിൽ ഇട്ടതാണ് അപകട കാരണമെന്നാണ് പ്രാഥമിക നിഗമനം. പ്രദേശവാസികൾ ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ഫാക്ടറി പ്രവർത്തിച്ചിരുന്നതെന്ന ആരോപണവും ഉയരുന്നുണ്ട്.

**പാലക്കാട് കഞ്ചിക്കോട് സ്റ്റീൽ കമ്പനിയിലെ തീ നിയന്ത്രണ വിധേയമാക്കുന്ന ഫയർഫോഴ്സ് സംഘം**

## പകർച്ചപ്പനിയിൽ മുങ്ങി കേരളം; കൂട്ടിന് ഡെങ്കിയും എലിപ്പനിയും മലേറിയയും




തിരുവനന്തപുരം: പകർച്ചപ്പനിയിൽ മുങ്ങിയിരിക്കുകയാണ് കേരളം. പ്രതിദിനം പനി ബാധിക്കുന്നവരുടെ എണ്ണം 13,000ത്തിലേക്ക് കടന്നു. പകർച്ചപ്പനിക്ക് പുറമേ സംസ്ഥാനത്ത് ഡെങ്കിപ്പനിയും എലിപ്പനിയും മലേറിയയും സ്ഥിരീകരിച്ചു. സംസ്ഥാനത്ത് സ്ഥിരീകരിച്ച 110 ഡെങ്കിപ്പനിയിൽ 43 എണ്ണവും എറണാകുളം ആണ്. 218 പേർക്കാണ് ഡെങ്കിപ്പനി ലക്ഷണം. എട്ട് പേർക്ക് എലിപ്പനിയും മൂന്ന് പേർക്ക് മലേറിയയും സ്ഥിരീകരിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ മൂന്നിരട്ടിയോളമാണ് നിലവിലെ കേസുകൾ. മലയോര മേഖലയിലാണ് രോഗം കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. ഇന്നലെ പനി ബാധിച്ചത് 12,984 പേർക്കാണ്. മലപ്പുറത്ത് ഗുരുതര സ്ഥിതിയാണ് നിലവിലുള്ളത്. ഇന്നലെ മാത്രം 2171 പേർക്കാണ് പനി ബാധിച്ചത്. ഈ വർഷം മെയ് മുതൽ ഇന്നലെ വരെ ജില്ലയിൽ സ്ഥിരീകരിച്ച 53 ഡെങ്കിപ്പനി കേസുകളും സംശയാസ്പദമായ 213 കേസുകളും റിപ്പോർട്ട് ചെയ്തു. ഏറ്റവും കൂടുതൽ ഡെങ്കിപ്പനി കേസുകൾ മലയോര മേഖലയായ വണ്ടൂർ, മേലാറ്റൂർ എന്നീ ഹെൽത്ത് ബ്ലോക്കുകളിലാണ്. വണ്ടൂർ ഹെൽത്ത് ബ്ലോക്കിൽ 78 കേസുകളും മേലാറ്റൂർ ഹെൽത്ത് ബ്ലോക്കിൽ 54 കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പനി ബാധിച്ച് ഇതു വരെ മരിച്ചവരിൽ 50ന് താഴെ ഉള്ളവരും കുട്ടികളും ഉള്ളതാണ് ആശങ്ക കൂട്ടുന്നത്.ഇന്നലെ കുറ്റിപ്പുറത്ത് പനി ബാധിച്ചു മരിച്ച പതിമൂന്നുകാരന്റെ സാമ്പിളുകൾ ആലപ്പുഴ വൈറോളജി ലാബിലേക്ക് അയച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയായ മലപ്പുറത്ത് വൈറൽ പനി ബാധിച്ചവരുടെ എണ്ണത്തിലും വർധനയുണ്ട്. ഈ മാസം ഇതുവരെ ഇരുപതിനായിരത്തോളം പേർക്ക് വൈറൽ പനി ബാധിച്ചു. സ്വകാര്യ ക്ലിനിക്കിൽ ചികിത്സ തേടുന്നവരുടെ കണക്കുകൾ ഇതിന് പുറമേയാണ്.

## മാമന്നൻ സിനിമയുടെ റിലീസ് തടയണമെന്നാവശ്യപ്പെട്ട് മദ്രാസ് ഹൈക്കോടതിയിൽ ഹർജി




ചെന്നൈ: രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ച ഉദയനിധി സ്റ്റാലിന്റെ അവസാന ചിത്രമായ മാമന്നന്റെ റിലീസ് തടയാൻ ആവശ്യപ്പെട്ട് ഹർജി. മദ്രാസ് ഹൈക്കോടതിയിൽ നിർമാതാവായ രാമ ശരവണൻ ആണ് ഹർജി നൽകിയിരിക്കുന്നത്. ചിത്രം റിലീസ് ചെയ്യുന്നതിന് മുൻ ഉദയനിധി സ്റ്റാലിൻ 25 കോടി നഷ്ടപരിഹാരം നൽകണം. അല്ലെങ്കിൽ സിനിമയുടെ റിലീസ് തടയണം എന്നാണ് പരാതിക്കാരന്റെ ഹർജിയിൽ പറയുന്നത്. ജൂൺ 29നാണ് മാരി സെൽവരാജ് സംവിധാനം ചെയ്യുന്ന മാമന്നൻ റിലീസ് ചെയ്യുന്നത്. പ്രഖ്യാപന സമയം മുതൽ ശ്രദ്ധനേടിയ ചിത്രമാണ് 'മാമന്നൻ'. ഫഹദ് ഫാസിൽ വീണ്ടും തമിഴിലേക്കെത്തുന്ന ചിത്രം കൂടിയാണ് മാമന്നൻ. മാരി സെൽവരാജാണ് സംവിധായകൻ. ഉദയനിധി സ്റ്റാലിൻ നായകനായി 2018ൽ എയ്ഞ്ചൽ എന്ന ചിത്രം താൻ നിർമ്മാണം ആരംഭിച്ചുവെന്നും അതിന്റെ 80 ശതമാനം ഷൂട്ടിംഗ് തീർന്നുവെന്നും ബാക്കി 20 ശതമാനത്തിന് ഉദയനിധി സ്റ്റാലിൻ ഡേറ്റ് നൽകിയില്ലെന്നുമാണ് പരാതിക്കാരൻ ആരോപിക്കുന്നത്. തന്റെ ചിത്രത്തിന് മുൻപ് ഉദയനിധി തന്നെ നിർമ്മിക്കുന്ന ഉദയനിധി ഇറങ്ങിയാൽ അത് തനിക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കും എന്നാണ് ഇയാൾ ഹർജിയിൽ പറയുന്നത്. ഹർജി സ്വീകരിച്ച് കോടതി ഉടൻ വാദം കേൾക്കും എന്നാണ് റിപ്പോർട്ട്. അതേ സമയം മാമന്നൻ പൂർണ്ണമായും രാഷ്ട്രീയത്തിലേക്ക് ഇറങ്ങിയ ഉദയനിധിയുടെ അവസാനത്തെ ചിത്രമാണ്.



## ടൈറ്റാനിക് കപ്പൽ കാണാൻ പോയി; വിനോദ സഞ്ചാരികളുടെ ചെറു മുങ്ങിക്കപ്പൽ സമുദ്രത്തിൽ കാണാനില്ല

ബോസ്റ്റൺ: ടൈറ്റാനിക് കപ്പലിന്റെ അവശിഷ്ടങ്ങൾ കാണാനായി വിനോദ സഞ്ചാരികൾ ഉപയോഗിച്ച ചെറു മുങ്ങിക്കപ്പൽ അറ്റ്ലാന്റിക് സമുദ്രത്തിൽ കാണാതായി. ബോസ്റ്റൺ കോസ്റ്റ് ഗാർഡിനെ ഉദ്ധരിച്ച് ബിബിസിയാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. ന്യൂഫൗണ്ട്ലാന്റിന്റെ തീരത്തോട് ചേർന്നുള്ള മേഖലയിൽ ഇവർക്കായുള്ള തിരച്ചിൽ നടന്നുകൊണ്ടിരിക്കുകയാണ്. സമുദ്രനിരപ്പിൽ നിന്ന് 3800 മീറ്റർ താഴ്ചയിലാണ് ടൈറ്റാനിക് കപ്പലിന്റെ അവശിഷ്ടങ്ങൾ കിടക്കുന്നത്. ഇത് കാണുന്നതിനായി ഇടക്ക് സബ്മെർസിബിൾ എന്ന് വിളിക്കുന്ന ചെറു മുങ്ങിക്കപ്പലുകൾ വിനോദ സഞ്ചാരികളുമായി പോകാറുണ്ട്. 1985ൽ കണ്ടെത്തിയ ഈ അവശിഷ്ടങ്ങൾ കാണാനായി അന്ന് മുതൽ തന്നെ പലരും പോവാറുണ്ട്. ആഴക്കടൽ പര്യവേഷണങ്ങൾക്ക് നേതൃത്വം നൽകുന്ന സ്വകാര്യ കമ്പനിയായ ഓഷ്യൻഗേറ്റ് എക്സ്പെഡിഷൻസിന്റെ ഉടമസ്ഥതയിലുള്ളതാണി കാണാതായ മുങ്ങിക്കപ്പൽ. ഞായറായ്ച രാവിലെ അഞ്ചുപേരുമായായാണ് മുങ്ങിക്കപ്പൽ യാത്ര പുറപ്പെട്ടത്. ഒരു മണിക്കൂറും 45 മിനിട്ടും കഴിഞ്ഞതോടെ കനേഡിയൻ ഗവേഷണ കപ്പലിന് ജോലിക്കാരുമായുള്ള ബന്ധം നഷ്ടമാവുകയായിരുന്നു.

# എരിവുള്ള വായന... മധുരമുള്ള സൗഹൃദം...

**ചാലക്കര പുരുഷു**



എ.വി ചന്ദ്രദാസ്




എ.വി ചന്ദ്രദാസിന്റെ ഹോട്ടലിന് മുന്നിലെ വായനാ കോർണറിൽ നിന്നുള്ള കാഴ്ച

ന്യൂമാഹി: കട്ടൻ ചായയും പരിപ്പ് വടയും കഴിക്കാം. ചൂടൻവാർത്തകൾ വായിക്കാം... കത്തിയാളുന്ന നാട്ടുവർത്തമാനങ്ങളിൽ അഭിരമിക്കാം. രാഷ്ട്രീയത്തിനും മതങ്ങൾക്കുമപ്പുറം സൗഹൃദം ഊട്ടിയുറപ്പിക്കാം. അര നൂറ്റാണ്ടിന്റെ പതിവ് തെറ്റിക്കാതെ, നാട്ടുവായനയുടെ പ്രഭവകേന്ദ്രമായി നിലനിൽക്കുകയാണ് മാഹി തലശ്ശേരി ദേശീയ പാതക്കരികിലെ കുറിച്ചിയിൽ ബസാറിലെ എ.വി ചന്ദ്രദാസിന്റെ വായനശാല ഹോട്ടൽ. കുറിച്ചിയിൽ ബസാറിൽ ഒരു വായനശാല ഇല്ലാത്തതിന്റെ ക്ഷീണം തെല്ലുമില്ല ഇവിടെ ആർക്കും. തന്റെ ഹോട്ടലിന് മുന്നിൽ വായനാ കോർണർ ഒരുക്കിയാണ് ചന്ദ്രദാസ് ഇത് പരിഹരിച്ചത്. മലയാളത്തിലെ പ്രമുഖപത്രങ്ങളും ആനുകാലികങ്ങളുമെല്ലാം ദശകങ്ങളായി വായനാ കോർണറിലുണ്ട്. കാലത്ത് മുതൽ രാത്രി വരെ വായന മാത്രമല്ല, നാട്ടുവർത്തമാനങ്ങളും രാഷ്ട്രീയ ചർച്ചകളുമെല്ലാം ഇവിടെ മുടങ്ങാതെയുണ്ടാകും. അന്തിയാകും വരെ ജോലി ചെയ്ത് വരുന്ന പിതാവ് ഗോവിന്ദൻ മേസ്തിരി, കുളിയും കഴിഞ്ഞ് രാത്രി വൈകും വരെ പത്രവായനയിൽ മുഴുകിയിരിക്കുന്നത് കണ്ടു കൊണ്ടാണ് ചന്ദ്രദാസൻ വളർന്നത്. ശ്രീനാരായണ സ്കൂളിലെ പഠനകാലത്ത് അധ്യാപകൻ അസംബ്ലിയിൽ മുറതെറ്റാതെ ഉച്ചത്തിൽ പത്രം വായിച്ചുകേൾപ്പിക്കുമായിരുന്നു. വീടിനടുത്ത ദിനേശ് ബീഡി ക്കമ്പനിയിലെ ഉച്ചത്തിലുള്ള നിലയ്ക്കാത്ത പത്ര-മാസികാ പാരായണവും ചന്ദ്രദാസിന്റെ കാതുകളിൽ പതിച്ചുകൊണ്ടേയിരുന്നു. നാട്ടിലെ മികച്ച വായനക്കാരനായി മാറിയ ചന്ദ്രദാസിനെ വായനയുടെ അനന്തമായ ലോകത്തേക്കെത്തിച്ച ഘടകങ്ങൾ ഇതൊക്കെയാണ്. കോൺഗ്രസുകാരനായ അച്ഛനിൽനിന്നും ചന്ദ്രദാസൻ കമ്മ്യൂണിസ്റ്റായി മാറിയതും വായനയിലൂടെ തന്നെ. ജനസേവനമെന്ന വാക്കിന് സ്വന്തം കർമംകൊണ്ട് അർത്ഥവ്യാപ്തിയേകിയ ഈ മനുഷ്യൻ, ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ മുൻ അധ്യക്ഷൻ കൂടിയാണ്. പത്ത് വർഷക്കാലം ജനപ്രതിനിധിയായിരുന്നു. ശ്രീനാരായണ ദർശനങ്ങൾ നെഞ്ചേറ്റിയ ഈ മനുഷ്യ സ്നേഹി, എസ്.എൻ ട്രസ്റ്റ് അംഗവും ഈയ്യത്തുംകാട് ശ്രീനാരായണമഠത്തിന്റെ സാരഥിയുമാണ്. രോഗി പരിചരണം, തന്റെ കടയുടെ മുന്നിലും പിന്നിലുമുള്ള റെയിൽ റോഡ് അപകടങ്ങളിൽ പെടുന്നവരുടെ അടിയന്തിര ശുശ്രൂഷ, മരണാന്തര അടിയന്തിര നടപടികൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഇവയെല്ലാം ഈ മനുഷ്യന്റെ നിത്യജീവിതത്തിന്റെ ഭാഗമാണ്. സാർവ്വദേശീയ രാഷ്ട്രീയത്തിലും, ശാസ്ത്ര-സാമൂഹ്യ വിഷയങ്ങളിലും ഒരു സാധാരണക്കാരന്റെ ആർജ്ജിത ജ്ഞാനം, എത്ര മാത്രമുണ്ടെന്നറിയാൻ രണ്ട് മിനിട്ട് നേരം ഈ മനുഷ്യനോട് സംസാരിച്ചാൽ മാത്രം മതി.



തലക്കുളത്തൂർ വി.കെ റോഡ് എം.ഐ.എൽ.പി സ്കൂളിലെ വായനാദിനാചരണവും വിദ്യാരംഗം കലാസാഹിത്യ വേദിയും ഉദ്ഘാടനം ചെയ്തശേഷം കുട്ടികളുമായി സംവദിക്കുന്ന ഗിരീഷ് ആമ്പ്ര

# വായനാദിനാചരണവും വിദ്യാരംഗം കലാസാഹിത്യവേദിയും ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: തലക്കുളത്തൂർ വി.കെ റോഡ് എം.ഐ.എൽ.പി സ്കൂളിലെ വായനാദിനാചരണവും വിദ്യാരംഗം കലാസാഹിത്യ വേദിയും കവിയും ഫോക്‌ലോറിസ്റ്റും ചലച്ചിത്ര പിന്നണിഗായകനുമായ ഗിരീഷ് ആമ്പ്ര ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി വായനമത്സരം, സാഹിത്യരചന, കവിതാപാരായണം, നാട്ടറിവ് ശിൽപശാല എന്നിവയും നടന്നു. പി.ടി.എ പ്രസിഡന്റ് ഷബിനാസ് മുബാറക് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപിക ഷീജ കെ.കെ സ്വാഗതവും വിദ്യാരംഗം കലാസാഹിത്യവേദി കൺവീനർ എസ്. ശ്രീരൂപ നന്ദിയും പറഞ്ഞു.

# സാമൂഹ്യപരമായ പരിവർത്തനത്തിന് വിദ്യാർഥി സമൂഹം തയാറാകണം: പ്രവാസി ബന്ധു ഡോ. എസ്. അഹമ്മദ്




വായനാ ദിനാചരണത്തിന്റെ ഭാഗമായി വള്ളക്കടവ് ബിലാൽ നഗർ റസിഡൻസ് അസോസിയേഷൻ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുന്ന പ്രവാസി ബന്ധു ഡോ. എസ്.അഹമ്മദ്

വള്ളക്കടവ്: കാലത്തിന്റെ എതിർദിശ വളരെ അപകടകരമായ അന്തരീക്ഷത്തിലാണെന്നും അതിനെതിരേ സജ്ജരാകാൻ വിദ്യാർത്ഥി സമൂഹം സാമൂഹ്യപരമായ പരിവർത്തനത്തിനു തയ്യാറാകണമെന്ന് എൻ.ആർ.ഐ കൗൺസിൽ ചെയർമാനും മാധ്യമ പ്രവർത്തകനുമായ പ്രവാസി ബന്ധു ഡോ. എസ്. അഹമ്മദ് അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസം നവോത്ഥാനത്തിന്റെ പ്രതീകമാണ്. വിദ്യ അഭ്യസിപ്പിക്കുന്ന കലാലയ അന്തരീക്ഷം ഭയപ്പാട് ഉളവാക്കുന്നു. ഹരിയുടെയും മറ്റ് അറപ്പുളവാക്കുന്ന സംഭവങ്ങൾ ഒറ്റപ്പെട്ടതാണെങ്കിലും മാതാപിതാക്കളുടെ മനസുകളെ വ്യാകുലപ്പെടുത്തുകയാണെന്നും ഡോ. അഹമ്മദ് ചൂണ്ടിക്കാട്ടി. വായനാ ദിനത്തിന്റെ ഭാഗമായി വള്ളക്കടവ് ബിലാൽ നഗർ റസിഡൻസ് അസോസിയേഷൻ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ബി.എൻ.ആർ.എ പ്രസിഡന്റ് ബിലാൽ അഹമ്മദ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി മഷ്ഹൂക്ക് സ്വാഗതം പറഞ്ഞു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച റസിഡൻസി പരിധിയിലെ വിദ്യാർഥികളെ യോഗം അനുമോദിച്ചു. വലിയതുറ പോലിസ് സർക്കിൾ ഇൻസ്പെക്ടർ രതീഷ് അനുമോജന ചടങ്ങ് ഉദ്ഘാടനം ചെയ്തു. പഠനത്തോടൊപ്പം കായിക ശേഷിയും മനോധൈര്യവും രൂപപ്പെടുത്താൻ കുട്ടികൾക്ക് കഴിയണമെന്നും അതിനുവേണ്ട സാഹചര്യങ്ങൾ ഒരുക്കാൻ മാതാപിതാക്കൾക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. മുൻ പ്രസിഡന്റ് സിദ്ദീഖ് ഹാജി, രക്ഷാധികാരി അഡ്വ. വള്ളക്കടവ് മുരളി, സലീം എന്നിവർ സംസാരിച്ചു.




എക്സൽ പബ്ലിക് സ്കൂൾ മാഹിയിലെ വായനാ ദിനാചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പ്രിൻസിപ്പാൾ സതി. എം. കുറുപ്പ്

# ആവിക്കൽ തോടിന്റെ കൈവരിതോടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണം: ബി.ജെ.പി

കോഴിക്കോട്: തോപ്പയിൽ വാർഡിലെ മുസ്ലീം ശ്മശാന പള്ളിക്ക് പിറക് വശത്ത് ആവിക്കൽ തോടിന്റെ കൈവരി ഡ്രൈനേജ് കാട് മൂടി കിടക്കുന്ന പ്രദേശങ്ങൾ ബി.ജെ.പി സംഘം സന്ദർശിച്ചു. ഈ പ്രദേശത്ത് രണ്ട് പേർ എലിപ്പനി പിടിച്ച് മരണപ്പെട്ടതായും നിരവധി പേർ എലിപ്പനിയടക്കമുള്ള മാരക രോഗങ്ങൾ പിടിപ്പെട്ട് ചികിത്സ തേടിയതായുമാണ് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട്. മഴക്കാല ശുചികരണ പ്രവർത്തനം എന്ന് പറയുന്ന ഒരു കാര്യം ഈ പ്രദേശത്ത്ക്കാർ കേട്ട് കേൾവിയില്ലാത്ത കാര്യമാണ്, കോർപറേഷന്റെ ശുചീകരണ തൊഴിലാളികളെ ഇതുവരെ കണ്ടിട്ടില്ല എന്നാണ് നാട്ടുകാർ പറയുന്നത്. വിലപ്പെട്ട രണ്ട് ജീവൻ നഷ്ടപ്പെട്ടിട്ടും കണ്ണ് തുറക്കാത്ത കോർപറേഷനെതിരേ ശക്തമായ പ്രതിഷേധ സമര പരിപാടികൾക്ക് ബി.ജെ.പി നേതൃത്വം നൽകുമെന്ന് നടക്കാവ് മണ്ഡലം പ്രസിഡന്റ് കെ.ഷൈബു പറഞ്ഞു. കോർപറേഷൻ സെക്രട്ടറിക്ക് പരാതി നൽകിയിട്ടുണ്ട്.

# വായനാ ദിനാചരണം നടത്തി

ചാലക്കര: എക്സൽ പബ്ലിക് സ്കൂൾ മാഹി മലയാള വിഭാഗം അക്ഷരക്കൂട്ടം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വായനാ ദിനം ആചരിച്ചു. 19 മുതൽ 26 വരെ നീണ്ടുനിൽക്കുന്ന വായന വാരാചരണത്തിന്റെ ഉദ്ഘാടനം സ്കൂൾ പ്രിൻസിപ്പാൾ സതി. എം. കുറുപ്പ് നിർവഹിച്ചു. വേണു ദാസ് മൊകേരി സ്വാഗതം പറഞ്ഞ ചടങ്ങിൽ സ്ക്കൂൾ വൈസ് പ്രിൻസിപ്പാൾ മോഹനൻ വി.പി, വിദ്യാർഥികളായ ഇമയ് പാർവൺ.എസ്, ഇഷാനി .എസ് എന്നിവർ സംസാരിച്ചു. അക്ഷരക്കൂട്ടം കോ-ഓർഡിനേറ്റർ വിൻസി ടി.പി നന്ദി പറഞ്ഞു. വായന വാരാചരണത്തിന്റെ ഭാഗമായി വായനോത്സവം, രചനോത്സവം എന്നിവയും സംഘടിപ്പിക്കും. പ്രീ പ്രൈമറി ക്ലാസിൽ അമ്മ വായനയും സംഘടിപ്പിക്കുന്നുണ്ട്.



മാമ്പറ്റ പ്രതീക്ഷ സ്പെഷ്യൽ സ്കൂളിന് റോട്ടറി ക്ലബ് സൈബർ സിറ്റി വാട്ടർ പ്യൂരിഫയർ നൽകിയപ്പോൾ

# പ്രതീക്ഷ സ്കൂളിന് വാട്ടർ പ്യൂരിഫയർ കൈമാറി

മുക്കം: മാമ്പറ്റ പ്രതീക്ഷ സ്പെഷ്യൽ സ്കൂളിന് റോട്ടറി ക്ലബ് സൈബർ സിറ്റി നൽകിയ വാട്ടർ പ്യൂരിഫയർ എൻ.ഐ.ടി ഡയരക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണയിൽ നിന്നും സ്കൂൾ അധികൃതർ ഏറ്റുവാങ്ങി. സ്കൂൾ ഓഫിസിൽ നടന്ന ചടങ്ങിൽ ഡോ. എൻ. യഹിയാഖാൻ, കാഞ്ചനമാല കൊറ്റങ്ങൽ, കൊറ്റങ്ങൽ സുരേഷ് ബാബു, കെ.ഷീബ, ബിജോയ് രാജ്, എൻ.പ്രസാദ് എന്നിവർ പങ്കെടുത്തു. മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്കായി പരിശീലനം നൽകുന്ന മലബാറിലെ പ്രശസ്തമായ പ്രതീക്ഷ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കാൽ നൂറ്റാണ്ട് പിന്നിട്ടു.

# റിയൽമി ഫോണിലും ചാരക്കണ്ണുകളോ?

## അനുവാദമില്ലാതെ ഡാറ്റ ശേഖരിക്കുന്നുവെന്ന് ആരോപണം




ചൈനീസ് സ്മാർട് ഫോൺ കമ്പനിയായ റിയൽമി എൻഹാൻസ്ഡ് ഇന്റലിജന്റ് സർവീസസ് എന്ന ഫീച്ചർവഴി ഉപഭോക്താക്കളുടെ വിവരങ്ങൾ അനുമതിയില്ലാതെ ശേഖരിക്കുന്നതായി ആരോപണം. ഋഷി ബാഗ്രീ എന്നയാളാണ് ട്വിറ്ററിലൂടെ ഈ ആരോപണം ഉന്നയിച്ചിരിക്കുന്നത്. ഉപകരണം സംബന്ധിച്ച വിവരങ്ങൾ, യുസേജ് സ്റ്റാറ്റിസ്റ്റിക്സ് ഉൾപ്പടെയുള്ള ഉപഭോക്താക്കളുടെ വിവരങ്ങൾ റിയൽമി ശേഖരിക്കുന്നുണ്ടെന്നും അനുമതിയില്ലാതെയാണ് ഇത് ചെയ്യുന്നത് എന്നും ഋഷി ആരോപിക്കുന്നു. അതേസമയം ഈ ആരോപണം അന്വേഷിക്കുമെന്ന് ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

റിയൽമി ഫോണുകളിലെ 'എൻഹാൻസ്ഡ് ഇന്റലിജന്റ് സർവീസസ്' എന്ന ഫീച്ചർ വഴി കോൾ ലോഗ്, എസ്.എം.എസ്, ലൊക്കേഷൻ വിവരങ്ങൾ അടങ്ങുന്ന ഉപഭോക്തൃ വിവരങ്ങൾ റിയൽമി ശേഖരിക്കുന്നുണ്ടെന്നാണ് ഋഷി പറയുന്നു. ഇത് ഓഫ് ചെയ്യാനുള്ള ടോഗിൾ ബട്ടൻ ഉണ്ടെങ്കിലും ഡിഫോൾട്ട് ആയി ഇത് ഓൺ ആയിരിക്കും. സെറ്റിങ്സിനുള്ളിൽ ഇങ്ങനെ ഒരു സംഭവം ഉള്ള വിവരം സാധാരണ നിലയിൽ ഉപഭോക്താക്കൾ അറിയുകയുമില്ല. Settings > Additional Settings > System Services > Enhanced Intelligent Servicse സന്ദർശിച്ചാൽ ഈ ഫീച്ചർ കാണാം. സമ്മതമില്ലാതെയാണ് ഇന്ത്യൻ ഉപഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നത്. ഈ ഡാറ്റ ചൈനയിലേക്ക് പോവുന്നുണ്ടോ എന്നും ഋഷി ചോദിക്കുന്നു.

ചൈനീസ് കമ്പനിയായ ബി.ബി.കെ ഇലക്ട്രോണിക്സിന്റെ കീഴിലുള്ള കമ്പനിയാണ് റിയൽമി. വിവോ, ഓപ്പോ, വൺപ്ലസ്, ഐക്യൂ തുടങ്ങിയ ഇന്ത്യയിലെ മുൻനിര ചൈനീസ് ബ്രാൻഡുകൾ എല്ലാം തന്നെ ബി.ബി.കെ ഇലക്ട്രോണിക്സിന്റേതാണ്. റിയൽമിയെ കൂടാതെ വൺപ്ലസ്, ഓപ്പോ ഫോണുകളിലും ഇതേ ഫീച്ചർ ഉണ്ടെന്ന് റിപ്പോർട്ടുകൾ പറയുന്നുണ്ട്. പുതിയ റിയൽമി ഫോണുകളിലാണ് എൻഹാൻസ്ഡ് ഇന്റലിജന്റ് സർവീസസ് എന്ന ഫീച്ചർ ഉള്ളത് എന്നാണ് കരുതുന്നത്. റിയൽമി 11 പ്രോയിൽ ഈ സംവിധാനമുണ്ട്. വൺപ്ലസ് നോർഡ് സിഇ 3 ലൈറ്റിലും ഇതേ സംവിധാനം ഉണ്ടെന്നും റിപ്പോർട്ടുകൾ പറയുന്നു.

ഫോൺ ഉപയോഗവുമായി ബന്ധപ്പെട്ട ഉപഭോക്താക്കളുടെ അനുഭവം മെച്ചപ്പെടുത്തുന്നതിനാണ് ഈ ഫീച്ചർ എന്നാണ് കമ്പനി പറയുന്നത്. ഏതെല്ലാം വിവരങ്ങൾ ശേഖരിക്കുന്നുണ്ടെന്ന് കമ്പനി വിശദമാക്കുന്നുണ്ടെങ്കിലും. ഇത് ആദ്യമേ തന്നെ ഓൺ ആയിരിക്കും. ഇങ്ങനെ ഒരു വിവരശേഖരണം നടത്തുന്നുണ്ട് എന്ന് ഉപഭോക്താവിനെ അറിയിക്കാതെ വിവരശേഖരണം നടത്തുന്നതിന് ഡിഫോൾട്ട് ആയി ബട്ടൻ ഓൺ ചെയ്തുവെക്കുന്നതാണ് ഇവിടെ പ്രശ്നമാവുന്നത്.

# സർക്കാർ ഫയലുകൾ ജനങ്ങൾക്ക് പരിശോധിക്കാം: വിവരാവകാശ കമ്മീഷണർ എ.എ ഹക്കിം

പത്തനംതിട്ട: ഏതു സർക്കാർ ഓഫീസിലെയും ഫയലുകൾ പരിശോധിക്കാൻ ജനങ്ങൾക്ക് അധികാരമുണ്ടെന്നും അതാണ് വിവരാവകാശ നിയമത്തിന്റെ ആദ്യ നേട്ടമെന്നും സംസ്ഥാന വിവരാവകാശ കമ്മീഷണർ എ.എ ഹക്കിം പറഞ്ഞു. പ്രശ്നപരിഹാരം ഈ നിയമത്തിന്റെ പരിധിയിലല്ല. എന്നാൽ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുന്നു എന്നത് വിവരാവകാശ നിയമത്തിന്റെ ഉപോൽപ്പന്നമായിരിക്കുകയാണ്. ജില്ലാ ഭരണകൂടത്തിന്റെയും കാതോലിക്കേറ്റ് കോളജിന്റെയും സഹകരണത്തോടെ ജില്ലയിലെ എല്ലാ വകുപ്പുകളിലെയും പൊതുബോധന ഓഫീസർമാർക്കും അപ്പീൽ അധികാരികൾക്കുമായി സംഘടിപ്പിച്ച ഏകദിന പരിശീലനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. 'വിവരാകാശം: ജനസൗഹൃദ നിയമം' എന്ന വിഷയാവതരണവും അദ്ദേഹം നിർവഹിച്ചു.



പത്തനംതിട്ട ജില്ലയിലെ എല്ലാ വകുപ്പുകളിലെയും പൊതുബോധന ഓഫീസർമാർക്കും അപ്പീൽ അധികാരികൾക്കുമായി സംഘടിപ്പിച്ച ഏകദിന പരിശീലനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന വിവരാവകാശ കമ്മീഷണർ എ.എ ഹക്കിം

സർക്കാർ ഓഫീസുകളിലെ ഫയലുകളുടെ സുതാര്യത വർധിപ്പിക്കുന്നതിനും ജനങ്ങളുടെ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും വിവരാകാശ നിയമത്തിന് സാധിച്ചിട്ടുണ്ട്. അഴിമതി തടയാൻ ഈ നിയമം ഫലപ്രദമായി ഉപയോഗിക്കാനാവുമെന്നും ഹക്കിം വിശദീകരിച്ചു. വിവരാകാശ അപേക്ഷ ലഭിച്ചാൽ മറുപടി നൽകുന്നതിന് ഉദ്യോഗസ്ഥർ 30 ദിവസം വരെ കാത്തിരിക്കാൻ പാടില്ല. പരമാവധി വേഗത്തിൽ വിവരം നൽകണം. മറ്റൊരു ഓഫീസറുടെ പക്കലുള്ള വിവരമാണെങ്കിൽ അഞ്ച് ദിവസത്തിനകം അപേക്ഷ ആ ഓഫീസിലേക്ക് കൈമാറുകയും അക്കാര്യം അപേക്ഷകനെ അറിയിക്കുകയും വേണം. അപേക്ഷകൻ ആവശ്യപ്പെടുന്നത് മൂന്നാം കക്ഷിയെ സംബന്ധിച്ച വിവരമാണെങ്കിൽ അഞ്ച് ദിവസത്തിനകം അദ്ദേഹത്തിന്റെ സമ്മതം തേടണം. മൂന്നാം കക്ഷി 10 ദിവസത്തിനകം മറുപടി നൽകണം. എതിർപ്പ് അറിയിക്കുന്ന പക്ഷം പൊതുതാൽപര്യമില്ലെങ്കിൽ മൂന്നാം കക്ഷിയുടെ വിവരം നൽകേണ്ടതില്ല. അപേക്ഷകന്റെ ജീവനും സ്വാതന്ത്ര്യത്തിനും ഭീഷണിയുണ്ടാകുന്ന കാര്യമാണെങ്കിൽ 48 മണിക്കൂറിനുള്ളിൽ വിവരം നൽകിയിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. വിവരാവകാശ അപേക്ഷകൾ തീർപ്പാക്കാൻ മറ്റ് വകുപ്പുകൾ പ്രകാരം ഫീസ് വാങ്ങരുത്. അങ്ങനെ വാങ്ങുന്ന ഉദ്യോഗർ ശിക്ഷാർഹരാണ്. കേസിന്റെ അന്വേഷണം പൂർത്തിയായാൽ വിവരം നൽകണമെന്നുമദ്ദേഹം കൂട്ടിച്ചേർത്തു.

വിവരാകാശ നിയമം പുതിയ വെല്ലുവിളികൾ എന്ന വിഷയത്തിൽ സംസ്ഥാന വിവരാവകാശ കമ്മീഷണറായ ഡോ. കെ.എം ദിലീപ് ക്ലാസ് നയിച്ചു. രാജ്യ സുരക്ഷ, വ്യക്തിവിശേഷങ്ങൾ, നിയമനിർമാണ സഭകളുടെ അധികാരത്തിൽ വരുന്ന വിഷയങ്ങൾ, കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ എന്നിവയിലുള്ള വിവരം നൽകേണ്ടതില്ലെന്ന് അദ്ദേഹം പറഞ്ഞു. കോപ്പി റൈറ്റ് ബാധകമായ വിവരങ്ങളും നൽകേണ്ടതില്ല. ഒരു അപേക്ഷയിൽ ഒരു വിഷയം മാത്രം ഉൾപ്പെടുത്തുന്നത് മറുപടി വേഗം ലഭിക്കുന്നതിന് ഉപകരിക്കും. വിവരാവകാശ നിയമ പ്രകാരമല്ലാത്ത ഫീസ് അപേക്ഷകരിൽ നിന്നും ഉദ്യോഗസ്ഥർ ഈടാക്കാൻ പാടില്ലെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് നടന്ന ചർച്ചയിൽ ഉദ്യോഗസ്ഥരുടെ സംശയനിവാരണവും നടത്തി. പത്തനംതിട്ട ജില്ലാ കലക്ടർ ഡോ.ദിവ്യ എസ്. അയ്യർ ആമുഖ പ്രഭാഷണം നടത്തി. എഡി.എം ബി. രാധാകൃഷ്ണൻ, കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പാൾ ഡോ.സുനിൽ ജേക്കബ്, ഡെപ്യൂട്ടി കലക്ടർ ജേക്കബ് ടി. ജോർജ്, കോളേജ് സൂപ്രണ്ട് ബിജി കുഞ്ചാക്കോ തുടങ്ങിയവർ പങ്കെടുത്തു.




ഡോ.കെ.സുഗതന്റെ ആത്മകഥ 'ഓർത്തെടുത്ത കഥകൾ' ഡോ.എം.എം ബഷീർ, പി.ജെ.ജോഷാക്ക് നൽകി പ്രകാശനം ചെയ്യുന്നു

# ഡോ. കെ. സുഗതന്റെ ആത്മകഥ 'ഓർത്തെടുത്ത കഥകൾ' പ്രകാശനം ചെയ്തു

കോഴിക്കോട്: പാഠം പഠിപ്പിക്കുന്നവരല്ല പഠിക്കാൻ പ്രേരിപ്പിക്കുന്നവരാണ് ഗുരുക്കന്മാർ. അങ്ങനെ രണ്ടു പേർ ഒരു വേദിയിൽ ഉണ്ടാവുക, അത് കാണാനും കേൾക്കാനും അവസരം ലഭിക്കുക എന്നത് ഒരു സൗഭാഗ്യമാണ്. ആക്സൽ മുൻതേയുടെ 'ദ സ്റ്റോറി ഓഫ് സാൻ മിഷേലും' താരാശങ്കർ ബന്ദ്യോപാദ്ധ്യായയുടെ 'ആരോഗ്യനികേതനവും' പരിചയപ്പെടുത്തി കൊണ്ടായിരുന്നു, പ്രമുഖ കാർഡിയോളജിസ്റ്റും കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ഡോ.കെ.സുഗതന്റെ ജീവിതാനുഭവങ്ങളുടെ ഒരു ഭാഗം അടയാളപ്പെടുത്തിയ 'ഓർത്തെടുത്ത കഥകൾ' എന്ന പുസ്തകം (ആത്മകഥ) ഗുരുതുല്യനായ ഡോ.എം.എം ബഷീർ പ്രകാശനം ചെയ്തത്. ജ്ഞാനിയും സൗമ്യനുമായ ഒരു വലിയ മനുഷ്യൻ നമ്മുടെ ഇടയിൽ ജീവിക്കുന്നു എന്നാണ് അദ്ദേഹം സുഗതൻ ഡോക്ടറെ വിശേഷിപ്പിച്ചത്. സഞ്ചാര സാഹിത്യവും, ആധുനിക വൈദ്യശാസ്ത്രവും, ഭാഷാശാസ്ത്രവുമൊക്കെ ഉൾച്ചേർക്കുക വഴി 'ഓർത്തെടുത്ത കഥകൾ' ആത്മകഥയുടെ പരിമിതിയെ മറികടന്ന് ഒരു റഫറൻസ് ഗ്രന്ഥത്തിന്റെ തലത്തിലേക്ക് ഉയർന്നു. പി.ജെ.ജോഷാ പുസ്തകം ഏറ്റുവാങ്ങി. ഡോ.കെ.സുഗതൻ, ഡോ.ടി.പി. നാസർ, ഡോ.സിന്ധു കുറുപ്പ്, കെ.ജി.രഘുനാഥ്, ടി.പി.മമ്മു, ഡോ. കെ.വി. തോമസ്, ഡോ.പി.വി.ഉണ്ണികൃഷ്ണൻ, വയലപ്ര ഹരിദാസൻ നമ്പ്യാർ, എൻ. സോമസുന്ദരം എന്നിവർ സംസാരിച്ചു. കാലിക്കറ്റ് ബുക്ക് ക്ലബും സെക്കന്റ് പെന്നും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.



ലക്ഷദ്വീപ് എം.പി മുഹമ്മദ് ഫൈസലിന്റെ അധ്യക്ഷതയിൽ എം.പി.എൽ.എ.ഡി, ദിശാ, സൻസദ് ആദർശ് ഗ്രാമയോജനാ പദ്ധതികളുടെ അവലോകന യോഗം കവരത്തി സെക്രട്ടറിയേറ്റിൽ ചേർന്നപ്പോൾ

# എം.പി.എൽ.എ.ഡി, ദിശാ, സൻസദ് ആദർശ് ഗ്രാമയോജനാ പദ്ധതികളുടെ അവലോകന യോഗം ചേർന്നു

കവരത്തി: ലക്ഷദ്വീപ എം.പി മുഹമ്മദ് ഫൈസലിന്റെ അധ്യക്ഷതയിൽ എം.പി.എൽ.എ.ഡി, ദിശാ, സൻസദ് ആദർശ് ഗ്രാമയോജനാ പദ്ധതികളുടെ അവലോകന യോഗം കവരത്തി സെക്രട്ടറിയേറ്റിൽ ചേർന്നു. കലക്ടർ അർജുൻ മോഹൻ, പി.ഡബ്ല്യു.ഡി സീനിയർ എൻജിനീയർ സി.എൻ ഷാജഹാൻ ഉൾപ്പെടുന്ന ഉന്നത ഉദ്യോഗസ്ഥർ യോഗങ്ങളിൽ പങ്കെടുത്തു. എം.പി.എൽ.എ.ഡിലൂടെ ലഭ്യമായ തുകയുപയോഗിച്ച് കൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, കലാ കായികം, വാർത്താ വിനിമയം എന്നീ മേഖലകളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതികൾ യോഗം വിലയിരുത്തിയതായി മുഹമ്മദ് ഫൈസൽ എം.പി പറഞ്ഞു. ദിശാ പദ്ധതികളിൽ പ്രധാനമന്ത്രി ആവാസ് യോജനാ, മഹാത്മാ ഗാന്ധി നരേഗാ എന്നിവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി വകുപ്പ് തലങ്ങളിൽ സംയുക്തമായ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് യോഗം വിലയിരുത്തി. ഒപ്പം പ്രധാനമന്ത്രി സൻസദ് ആദർശ് ഗ്രാമ യോജനയുടെ ഭാഗമായി മിനിക്കോയ് ദ്വീപിൽ നടപ്പിലാക്കുന്ന വില്ലേജ് ഡെവലപ്പ്മെന്റ് പ്ലാനുകൾക്ക് പി.എം സാഗിയുടെ ചയർമാൻ കൂടിയായ എം.പി മുഹമ്മദ് ഫൈസൽ അംഗീകാരം നൽകി. പദ്ധതികളുടെ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ ഏകോപനം കലക്ടർ അർജുൻ മോഹൻ ഉൾപ്പെടുന്ന ഉന്നത അധികാരികളുടെ സാന്നിധ്യത്തിൽ ധാരണയായി.

# ഹർഷിനയുടെ സമരം അവസാനിപ്പിക്കാൻ ആരോഗ്യമന്ത്രി ഇടപെടണം: ജെബി മേത്തർ എം.പി

കോഴിക്കോട്: ഹർഷിനയുടെ ഒന്നാംഘട്ട സമരം അവസാനിപ്പിക്കാൻ ആരോഗ്യമന്ത്രി നടത്തിയ ഇടപെടലുകളിലെ ആത്മാർത്ഥ രണ്ടാംഘട്ട സമരത്തിൽ കാണാത്തത് സംശയം ജനിപ്പിക്കുന്നുവെന്ന് എം.പിയും മഹിളാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റുമായ ജെബി മേത്തർ ആരോപിച്ചു. രണ്ടാംഘട്ട സമരം ആരംഭിച്ചിട്ട് ഒരു മാസം പിന്നിട്ടിട്ടും മന്ത്രിയുടെ ഒരു ഇടപെടലും ഉണ്ടായിട്ടില്ല. വനിതാ ശിശുക്ഷേമ വകുപ്പ് കൂടി കൈകാര്യം ചെയ്യുന്ന ആരോഗ്യ മന്ത്രി, ഒരു യുവതി സർക്കാർ ആശുപത്രിക്ക് മുന്നിൽ നടത്തുന്ന സമരത്തിൽ ഇത്ര നാളായിട്ടും ഇടപെടാത്തത് അങ്ങേയറ്റം അപലപനീയമാണ്. ഒന്നാംഘട്ട സമരം അവസാനിപ്പിക്കാൻ മന്ത്രിയുമായി നടത്തിയ ചർച്ചയിൽ നൽകപ്പെട്ട ഉറപ്പുകൾ എല്ലാം തന്നെ ലംഘിക്കപ്പെട്ടതുകൊണ്ടാണ് ഹർഷിനയ്ക്ക് രണ്ടാംഘട്ട സമരത്തിലേക്ക് ഇറങ്ങേണ്ടി വന്നത്. മഹിളാ കോൺഗ്രസ് സംസ്ഥാന നേതൃത്വം ആരോഗ്യമന്ത്രിയുമായി ചർച്ച നടത്തി ഉടൻ ഈ വിഷയത്തിൽ ഇടപെടാൻ അഭ്യർത്ഥിക്കുന്നുണ്ട്. മന്ത്രിയുടെ ഇടപെടൽ ഉണ്ടാകാത്തപക്ഷം മഹിളാ കോൺഗ്രസ് ഹർഷിനിക്ക് വേണ്ടി സമരരംഗത്ത് ഉണ്ടാകുമെന്നും ഉറപ്പുപറഞ്ഞു. ഹർഷിന കെ.കെ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സത്യാഗ്രഹ സമരത്തിന്റെ 29-ാം ദിവസം സമരപന്തൽ സന്ദർശിച്ച് സംസാരിക്കുകയായിരുന്നു അവർ. സമരസമിതി ചെയർമാൻ ദിനേശ് പെരുമണ്ണ സ്വാഗതം പറഞ്ഞു. കൺവീനർ മുസ്തഫ പാലാഴി അധ്യക്ഷത വഹിച്ചു. ഭാരവാഹികളായ രജനി രമാനന്ദ്, അഡ്വ. യു. വാഹിദ, രാധ ഹരിദാസ്, ഉഷാ ഗോപിനാഥ്, ബേബി പയ്യാനക്കൽ, സന്ധ്യ കരണ്ടോട്, ഫൗസിയ അസീസ്, വിമൻസ് ജസ്റ്റിസ് മൂവ്മെന്റ് സംസ്ഥാന സെക്രട്ടറി ചന്ദ്രിക കൊയിലാണ്ടി തുടങ്ങിയവർ സംസാരിച്ചു. ഇ.പി അൻവർ സാദത്ത്, ആയിഷ കുരുവട്ടൂർ, എം.വി അബ്ദുല്ലത്തീഫ്, പി.എം ദിലീപ കുമാർ, ഷൗക്കത്ത് വിരിപ്പിൽ, ടി.കെ സിറാജുദ്ദീൻ തുടങ്ങിയവർ നേതൃത്വം നൽകി.



ഹർഷിന കെ.കെ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സത്യഗ്രഹ സമരത്തിന്റെ 29-ാം ദിവസം സമരപന്തൽ സന്ദർശിച്ച് സംസാരിക്കുന്ന ജെബി മേത്തർ എം.പി

# മനസ് വിമലീകരിക്കാൻ വായന ഉപകരിക്കും: എം. മുസ്തഫ മാഷ്

മാഹി: ശാരീരിക ആരോഗ്യം സംരക്ഷിക്കാൻ നല്ല ഭക്ഷണമെന്നപോലെ മനസ് വിമലീകരിക്കാൻ നല്ല വായന ഉപകരിക്കുമെന്ന് എം.മുസ്തഫ മാഷ് പറഞ്ഞു. പള്ളൂർ വി.എൻ.പുരുഷോത്തമൻ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച വായന പക്ഷാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പുസ്തകം പെരുകി വരുന്ന കാലത്ത് മുതിർന്നവരുടെ സഹായത്തോടെ നല്ല പുസ്തകങ്ങൾ കണ്ടെത്തി വായിക്കാൻ കുട്ടികൾ ശ്രദ്ധിക്കണമെന്നും ദുഷിച്ച ഭക്ഷണം ശരീരത്തെയും ദുഷിച്ച വായന മനസ്സിനെയും നശിപ്പിക്കുമെന്നും മുസ്തഫ മാഷ് ഓർമിപ്പിച്ചു. സിനിമാ പിന്നണി ഗായകനും, എഴുത്തുകാരനും ഗാനരചയിതാവും അധ്യാപകനുമായ എം. മുസ്തഫ മാഷ് കുട്ടികളോടൊപ്പം പി.എൻ പണിക്കരുടെ ഛായാചിത്രത്തിനു മുന്നിൽ അക്ഷരാർച്ചന അർപ്പിച്ചു കൊണ്ട് പ്രതീകാത്മകമായി ചടങ്ങ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രിൻസിപ്പാൾ കെ. ഷീബ അധ്യക്ഷത വഹിച്ചു. പി.ടി.എ പ്രസിഡന്റ് പി.പി പ്രദീപൻ, സി.കെ സുജയ, എം.കെ ബീന, എന്നിവർ ആശംസകൾ നേർന്നു. കെ.കെ സ്നേഹപ്രഭ സ്വാഗതവും കെ.എം രാധാമണി നന്ദിയും പറഞ്ഞു. ചടങ്ങിനോടനുബന്ധിച്ച് പദക്കുമ്പിൾ മത്സരം, പുസ്തകക്കുമ്പിൾ മത്സരം, ക്വിസ്, ഓപ്പൺ ബുക്സിന്റെ നേതൃത്വത്തിൽ പുസ്തകോത്സവം എന്നിവ സംഘടിപ്പിച്ചു.




പള്ളൂർ വി.എൻ.പുരുഷോത്തമൻ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച വായന പക്ഷാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുന്ന എം.മുസ്തഫ മാഷ്

തുടർന്നു വരുന്ന ദിവസങ്ങളിൽ പോസ്റ്റർ നിർമാണം, കൊളാഷ് നിർമാണം, ക്ലാസ് ലൈബ്രറി ഒരുക്കൽ, ചിഹ്നചക്രം നിർമാണം, പുസ്തകാസ്വാദനം എന്നീയിനങ്ങളിൽ മത്സരങ്ങൾ നടത്തും. സമാപന സമ്മേളനവും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രഭാഷണ പരിപാടിയും എൻ. രാജീവൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യും. മത്സര വിജയികൾക്കുള്ള സമ്മാന വിതരണവും അന്നേ ദിവസം നടക്കും.

# മോഷണക്കേസിൽ പ്രതികൾ അറസ്റ്റിൽ

മാഹി: പള്ളൂർ ജോളി ബാറിൽ മദ്യവും കമ്പ്യൂട്ടർ സി.പി.യുവും മോഷണം പോയ കേസിൽ രണ്ട് പേർ അറസ്റ്റിൽ. കോഴിക്കോട് ജില്ലയിലെ വളയം സ്വദേശികളാണ് അറസ്റ്റിലായത്. ബാർ മാനേജർ മാഹി പോലിസിൽ പരാതി നൽകിയിരുന്നു.

വളയം ജാതിയേരിയിലെ അടുക പൈങ്ങാട്ടിൽ എ.പി അബ്ദുൾ ഷെറീഫ് എന്ന ഷെറീഫ് (45), വളയം ചെക്കോട്ട റോഡിലെ എടിയേരിക്കണ്ടിയിൽ പി.വി അമീർ എന്ന മൊട്ട അമീർ (32) എന്നിവരാണ് അറസ്റ്റിലായത്. മാഹി സർക്കിൾ ഇൻസ്പെക്ടർ ബി.എം മനോജ്, പള്ളൂർ എസ്.ഐ കെ.സി അജയകുമാർ എന്നിവരാണ് തിങ്കളാഴ്ച്ച പ്രതികളെ അറസ്റ്റ് ചെയ്തത്. ഒരാളെ കൂടി പിടികൂടാനുണ്ടെന്ന് പള്ളൂർ പോലിസ് പറഞ്ഞു.

കഴിഞ്ഞ ഒൻപതിന് രാത്രിയാണ് ബാറിൽ മോഷണം നടന്നത്. 21,000 രൂപയുടെ മുന്തിയ ഇനം മദ്യ കെയ്സുകളും, കമ്പ്യൂട്ടറിന്റെ സി.പി.യുമാണ് മോഷ്ടിച്ചത്. സി.സി.ടി.വി ദൃശ്യങ്ങൾ നിരീക്ഷിച്ചപ്പോൾ സ്വിഫ്റ്റ് കാറിൽ മൂന്നംഗ സംഘം എത്തി മോഷണം നടത്തുന്നത് പോലിസിന് സൂചന ലഭിച്ചു. തുടർന്ന് അന്വേഷണം നടത്തി വരുന്നതിനിടയിലാണ് പ്രതികളെ പിടികൂടിയത്. പ്രതികൾ സഞ്ചരിച്ച കാറും കസ്റ്റഡിയിലെടുത്തു. എ.എസ്.ഐമാരായ എം.സുനിൽ കുമാർ, ഹെഡ് കോൺസ്റ്റബിൾ സി.ബി ശ്രീജേഷ് എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.

# മോഷണത്തിനിടെ മോഷ്ടാക്കളെ പിടികൂടി

തലശ്ശേരി: ജൂബിലി റോഡ് ഡൗൺ ടൗൺമാൾ ജംഗ്ഷന് സമീപം കെട്ടിട നിർമാണം നടക്കുന്ന സ്ഥലത്ത് നിന്നും ഇരുമ്പ്, ചെമ്പ്, അലൂമിനി സാമഗ്രികൾ മോഷ്ടിക്കുന്നതിനിടയിൽ ഇതര ജില്ലക്കാരായ രണ്ട് മോഷ്ടാക്കളെ പരിസരവാസികൾ പിടികൂടി തലശ്ശേരി പോലിസിന് കൈമാറി. കാസർകോട് ഉപ്പള സ്വദേശി മാൻഷിയൻ വീട്ടിൽ മുഹമ്മദ് അൻസാർ, തിരുവനന്തപുരം ചിറയൻകീഴ് കല്ലമ്പലം സ്വദേശി അനീഷ് ചന്ദ്രൻ എന്നിവരാണ് തൊണ്ടി മുതൽ സഹിതം പിടിയിലായത്. സ്ഥാപന ഉടമയുടെ പരാതി പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.



പിടിയിലായ പ്രതികൾ

# യു.എൻ ഗ്ലോബൽ കോംപാക്റ്റ് ലീഡേഴ്സ് ഉച്ചകോടിയിൽ കാർട്ടൂണിസ്റ്റ് ദിലീഫ് പങ്കെടുക്കും

കോഴിക്കോട്: ന്യൂയോർക്കിൽ നടക്കുന്ന യുണൈറ്റഡ് നാഷൻസ് ഗ്ലോബൽ കോംപാക്റ്റിന്റെ ലീഡേഴ്സ് ഉച്ചകോടിയിൽ കാർട്ടൂണിസ്റ്റ് എം.ദിലീഫ് പങ്കെടുക്കും. സെപ്റ്റംബർ 19ന് ജാവിറ്റ്സ് സെന്ററിൽ നടക്കുന്ന ഉച്ചകോടിയിൽ വിവിധ രാജ്യങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത പ്രതിനിധികളാണ് പങ്കെടുക്കുക. സുസ്ഥിര വികസന പദ്ധതി 2030 നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഉച്ചകോടി നടത്തുന്നത്. കാലാവസ്ഥ വ്യതിയാനം, കൊവിഡ് മഹാമാരി, സാമൂഹികവും സാമ്പത്തികവുമായ അസമത്വം, അഴിമതി, യുക്രെയ്ൻ യുദ്ധത്തിന്റെ അനന്തരഫലങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ സാധ്യകളും ആശങ്കകളും ചർച്ച ചെയ്യും. രാജ്യാന്തര




ശ്രദ്ധ നേടിയ മലയാളി കാർട്ടൂണിസ്റ്റാണ് എം.ദിലീഫ്. ഗിന്നസ് വേൾഡ് റെക്കോർഡ് ജേതാവാണ്. ഇന്ത്യയിൽ നിന്നുള്ള കലാ പ്രതിനിധിയാണ് ദിലീഫ് പങ്കെടുക്കുന്നത്. ദുബായിയിൽ ഗിന്നസ് ദിലീഫ് ആർട്ട് ഗാലറി എന്ന ആർട്ട് റിലേറ്റഡ് കമ്പനി നടത്തുന്ന ദിലീഫ് ഖത്തറിൽ നടന്ന ഫുട്ബാൾ വേൾഡ് കപ്പിന്റെ ഭാഗമായി ലോകത്തിലെ ഏറ്റവും വലിയ ബൂട്ട് നിർമിച്ച് ഗിന്നസ് റെക്കോർഡ് നേടിയിട്ടുണ്ട്. ദിലീഫ് തയാറാക്കിയ ലോകത്തിലെ ഏറ്റവും നീളം കൂടിയ ഖുർആൻ കലിഗ്രഫി ഷാർജ ഇന്റർനാഷണൽ ബുക്ക് ഫെയറിൽ പ്രദർശിപ്പിച്ചിരുന്നു. 16.89 മീറ്റർ ഉയരത്തിലുള്ള ലോകത്തിലെ ഏറ്റവും വലിയ ഷട്ടിൽ ബാറ്റ്, ഒമ്പത് മീറ്റർ നീളവും ആറുമീറ്റർ ഉയരവും 3.5 മീറ്റർ വ്യാസമുള്ള ചക്രം, 250 കിലോഗ്രാം തൂക്കവുമുള്ള സൈക്കിൾ എന്നിവ നിർമിച്ചാണ് ഗിന്നസ് വേൾഡ് റെക്കോഡ് നേടിയത്. സ്ക്വയർ ഫീറ്റ് കാൻവാസിൽ പടുകൂറ്റൻ ഗാന്ധി ചിത്രം വരച്ച് ലിംകാ റെക്കോർഡ് ബുക്കിൽ ഇടംനേടിയിട്ടുണ്ട്. അമേരിക്ക കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ കാരിക്കേച്ചർ ഓർഗനൈസേഷന്റെ ഇന്ത്യൻ പ്രതിനിധിയാണ്. കാർട്ടൂണിസ്റ്റുകളിൽ ആദ്യ യു.എ.ഇ ഗോൾഡൻ വിസ ലഭിച്ചതും ദിലീഫിനാണ്. കോഴിക്കോട് മുക്കം സ്വദേശിയാണ് ദിലീഫ്.


മന്ദാരം പബ്ലിക്കേഷന്റെ 'പൂമരചില്ലകൾ', 'തൂവൽ' പുസ്തകങ്ങളുടെ പ്രകാശന ചടങ്ങിൽനിന്ന്

# 'പൂമരചില്ലകൾ', 'തൂവൽ': പുസ്തകങ്ങൾ പ്രകാശനം ചെയ്തു

കോഴിക്കോട്: റഷീദ് വെന്നിയൂർ ഡയരക്ടറും എഡിറ്ററുമായ മന്ദാരം പബ്ലിക്കേഷന്റെ 'പൂമരചില്ലകൾ', 'തൂവൽ' എന്നീ രണ്ട് കൃതികളുടെ പുസ്തക പ്രകാശനം കെ.പി കേശവമേനോൻ ഹാളിൽ വച്ച് നിർവഹിച്ചു. ചലച്ചിത്ര താരം രമാ ദേവിയുടെ അധ്യക്ഷതയിൽ നടന്ന പരിപാടി പ്രശസ്ത സാഹിത്യകാരൻ കെ.പി രാമനുണ്ണി ഉദ്ഘാടനം ചെയ്തു. 'സാഹിത്യവും മതനിരപേക്ഷതയും' എന്ന വിഷയത്തെ കുറിച്ച് എഴുത്തുകാരനും ചിന്തകനുമായ കെ.ഇ.എൻ സംസാരിച്ചു. നിരവധി സാഹിത്യകാരന്മാരും എഴുത്തുകാരും പങ്കെടുത്ത ചടങ്ങിൽ സാഹിത്യ ലോകത്തെ പന്ത്രണ്ട് എഴുത്തുകാരെ ആദരിച്ചു. ചടങ്ങിൽ കവിയും എഴുത്തുകാരനുമായ ഫ്രെഡി പൗലോസ്, തിരക്കഥാകൃത്തും എഴുത്തുകാരനുമായ അനസ്.ബി, കവി അഡ്വ. അരവിന്ദാക്ഷൻ താനിക്കപറമ്പിൽ, കവയിത്രിമാരായ ബുഷ്റ സലാം, ഷെറീന കെ.എസ് എന്നിവർ സംസാരിച്ചു. ഇന്ദുലേഖ നന്ദി പറഞ്ഞു.


ആഴ്ചവട്ടം ഗവ. എച്ച്.എസ് സ്കൂളിൽ നടന്ന കോഴിക്കോട് സൗത്ത് മണ്ഡലം അദാലത്തിൽ നിന്ന്

# ഡോ. പി.കെ മുഹ്സിനെ ആദരിച്ചു

താമരശ്ശേരി: മൃഗസംരക്ഷണ വകുപ്പ് മുൻ അഡീഷണൽ ഡയരക്ടറും, കർഷക ഭാരതി അവാർഡ് ജേതാവുമായ ഡോ. പി.കെ മുഹ്സിനെ വയലോരം റസിഡന്റ്സ് അസോസിയേഷൻ-കാരാടി, കെടവൂർ മേഖല പൊന്നാടയണിയിച്ചും ഉപഹാരം നൽകിയും ആദരിച്ചു.

ചടങ്ങിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ മികച്ച വിജയം കൈവരിച്ച വിദ്യാർഥികൾക്കുള്ള ഉപഹാരവും നൽകി. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ.ടി. അബ്ദുറഹ്മാൻ മാസ്റ്റർ അധ്യക്ഷത വഹിച്ച യോഗം എം. കെ. രാഘവൻ എം.പി ഉദ്ഘാടനം ചെയ്തു. താമരശ്ശേരിയിലെ സാമൂഹ്യ സാംസ്ക്കാരിക രംഗത്തെ നിറസാനിധ്യമായ ഡോ. മുഹ്സിൻ കഴിഞ്ഞ അരനൂറ്റാണ്ടിലേറെ മൃഗചികിത്സാരംഗത്തും, ഫാം ജേർണലിസം മേഖലയിലും സ്വന്തമായി വ്യക്തി മുദ്ര പതിപ്പിച്ച വ്യക്തിയാണ്. നിരവധി ശാസ്ത്ര ലേഖനങ്ങൾ, റേഡിയോ പ്രഭാഷണങ്ങൾ, പുസ്തകങ്ങൾ എന്നിവ ഇദ്ദേഹത്തിന്റെതായി ഇതിനകം പുറത്തിറങ്ങിയിട്ടുണ്ട്.മഹാരഥന്മാരുടെ ചിത്രങ്ങളടങ്ങിയ പഴയ പത്ര പേജുകൾ, വിവിധ തരം പക്ഷികളുടെ മുട്ടകൾ, തൂവലുകൾ എന്നിവയടങ്ങിയ 'ഓർമ്മചെപ്പ് 'എന്ന പേരിൽ പ്രദർശനങ്ങൾ സ്കൂളുകളിലും, ലൈബ്രറികളിലും, മൃഗ സംരക്ഷണ വകുപ്പിലും നടത്തിയിട്ടുണ്ട്. ഡോ. അബ്ബാസ്, എ. അരവിന്ദൻ, മുരളി കൃഷ്ണൻ, സുമ രാജേഷ്, ഹുസൈൻ കാരാടി, മഞ്ജിത, യുവേഷ് എന്നിവർ സംസാരിച്ചു. അസോസിയേഷൻ പ്രസിഡന്റ് ഡോ. എൻ. ഹരിദാസ് സ്വാഗതവും പ്രജീഷ് വി.കെ നന്ദിയും പറഞ്ഞു. തുടർന്ന് വയലോരം അംഗങ്ങളുടെ വിവിധ കലാപരിപാടികൾക്കു ശേഷം സമ്മാന വിതരണവും സ്വര രാഗം മ്യൂസിക് ടീമിന്റെ കരോക്കെയും നടന്നു.


എം.കെ രാഘവൻ എം.പി ഡോ. പി.കെ മുഹ്സിന് ഉപഹാരം നൽകുന്നു

# ഉറവിട മാലിന്യസംസ്കരണത്തിന് സമഗ്രപദ്ധതി ആവിഷ്കരിക്കണം: എസ്.എസ്.എഫ്

ആലപ്പുഴ: കേരളത്തിന്റെ പരിസ്ഥിതി പശ്ചാത്തലവും കാലാവസ്ഥയും പരിഗണിച്ചുകൊണ്ട് ഉറവിടമാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകിയുള്ള സമഗ്രപദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്താൻ സർക്കാർ മുൻകൈ എടുക്കണമെന്ന് എസ്.എസ്. എഫ് കേരള ജനറൽ സെക്രട്ടറി സി.ആർ.കെ മുഹമ്മദ് ആവശ്യപ്പെട്ടു. ആലപ്പുഴ ടൗൺ സ്ക്വയറിൽ നടന്ന ഗ്രീൻ കേരള സമ്മിറ്റിൽ സമാപനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മാലിന്യസംസ്കരണം വ്യക്തിപരമായ ഉത്തരവാദിത്വം കൂടിയാണെന്ന ബോധത്തെ ശക്തിപ്പെടുത്തുന്ന വിദ്യാഭ്യാസവും പൊതുജനാവബോധവും പദ്ധതിയുടെ ഭാഗമാകണം. മാലിന്യദുരന്തങ്ങൾ വർധിച്ചേക്കാവുന്ന സാഹചര്യത്തെ ചെറുക്കാൻ ശാസ്ത്രീയവും പൊതുജന



ഗ്രീൻ കേരള സമ്മിറ്റിൽ 'വേസ്റ്റ് മാനേജ്മെന്റ്: കരിയർ, സംരംഭകത്വം' വിഷയത്തിൽ ഡോ. സി.എൻ മനോജ് സംസാരിക്കുന്നു

പിന്തുണയുമുള്ള ശ്രമങ്ങൾ പ്രധാനമാണ്. എസ്.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് ടി.കെ ഫിർദൗസ് സുറൈജി സഖാഫി അധ്യക്ഷത വഹിച്ചു. 'വേസ്റ്റ് മാനേജ്മെന്റ്: കരിയർ, സംരംഭകത്വം' വിഷയത്തിൽ നടന്ന ചർച്ചകൾക്ക് ഡോ. സി.എൻ മനോജ്, സകറിയ ജോയ്, താജുദ്ദീൻ അബൂബക്കർ നേതൃത്വം നൽകി. വിദ്യാർഥികൾ പാനലുമായി സംവദിച്ചു. സാഹിത്യത്തിലെ പരിസ്ഥിതി എന്ന വിഷയത്തിൽ പി.സുരേന്ദ്രൻ പ്രഭാഷണം നടത്തി. മാലിന്യനിർമാർജനം ആഗോള അനുഭവങ്ങളെ കാണാതെ പോകുന്ന കേരളം എന്ന വിഷയം ഷിബു കെ.എൻ അവതരിപ്പിച്ചു. 'മാലിന്യം: ആരോഗ്യ അടിയന്തിരാവസ്ഥയുടെ വർത്തമാനം' എന്ന വിഷയത്തിൽ ഡോ. എസ് അഭിലാഷ്, എം.ബി ജയഘോഷ് എന്നിവരുടെ നേതൃത്വത്തിൽ ചർച്ച നടന്നു. വിദ്യാർഘി കവികൾ പരിസ്ഥിതി കവിതകൾ ആലപിച്ചു. കെ. വൈ നിസാമുദ്ദീൻ ഫാളിലി, മുഹമ്മദ് ഇല്യാസ് സഖാഫി തുടങ്ങിയവർ സംസാരിച്ചു.


ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സിന്റെ ഏറ്റവും പുതിയ ഷോറൂം ദുബായ് കരാമയിൽ ബോചെയും സിനിമാ താരം ജുമാന ഖാനും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു

# ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സിന്റെ പുതിയ ഷോറൂം ദുബായ് കരാമയിൽ പ്രവർത്തനമാരംഭിച്ചു

ദുബായ്: സ്വർണാഭരണ രംഗത്ത് 160 വർഷത്തെ വിശ്വസ്ത പാരമ്പര്യമുള്ള ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സിന്റെ ഏറ്റവും പുതിയ ഷോറൂം ദുബായ് കരാമയിൽ പ്രവർത്തനമാരംഭിച്ചു. ബോചെ (ഡോ. ബോബി ചെമ്മണൂർ) യും സിനിമാ താരം ജുമാന ഖാനും ചേർന്ന് ഷോറൂം ഉദ്ഘാടനം ചെയ്തു. കൂടാതെ ദുബായിലെ പ്രമുഖ സോഷ്യൽ മീഡിയ ഇൻഫ്ളുവൻസേഴ്സും ചടങ്ങിൽ പങ്കെടുത്തു. ഉദ്ഘാടന ദിവസം നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ട അഞ്ച് ഭാഗ്യശാലികൾക്ക് വജ്രമോതിരം സമ്മാനമായി നൽകി. ഉദ്ഘാടനത്തിന്റെ ഭാഗമായി സ്വർണാഭരണങ്ങൾക്ക് പണിക്കൂലിയില്ല. കൂടാതെ ഡയമണ്ട് ആഭരണങ്ങൾക്ക് 50% ഫ്ളാറ്റ് ഡിസ്കൗണ്ട്. 5000 ദിർഹത്തിന് മുകളിൽ ഡയമണ്ട് പർച്ചേയ്സ് ചെയ്യുന്നവർക്ക് ബോബി ഓക്സിജൻ റിസോർട്ടിൽ സൗജന്യ താമസം. ഉദ്ഘാടന മാസം നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന 10 ഭാഗ്യശാലികൾക്ക് ഡയമണ്ട് പെൻഡന്റ് നേടാനുള്ള അവസരം എന്നിങ്ങനെ നിരവധി ഓഫറുകളും സമ്മാനങ്ങളുമാണ് ഉപഭോക്താക്കൾക്ക് നല്കുന്നത്. അൽ കരാമയിലെ കരാമ സെന്റർ മാളിലാണ് ഷോറൂം പ്രവർത്തിക്കുന്നത്.

# മാഹിയിൽ വിദ്യാർത്ഥികൾക്ക് ബസ്സ് യാത്ര സൗജന്യം

മാഹി: യാത്രാ ക്ലേശം നന്നെ അനുഭവിക്കുന്ന മാഹിയിലെ ഉൾനാടൻ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇനി വിവിധ വിദ്യാലയങ്ങളിലേക്ക് സൗജന്യമായി ബസ്സ് യാത്ര ചെയ്യാം. കഴിഞ്ഞ നിയമസഭയിൽ മാഹി എം.എൽ.എ രമേശ് പറമ്പത്ത് ആവശ്യപ്പെട്ടതനുസരിച്ചാണ് വിദ്യാർത്ഥികൾക്ക് സൗജന്യമായി പൂഴിത്തലയിൽ നിന്ന്




മൂലക്കടവിലേക്കും, തിരിച്ചും, വിവിധ സ്കൂളുകളിലേക്ക് സഞ്ചരിക്കാൻ രണ്ട് ബസ്സുകൾ അനുവദിച്ചത്. ഇനി വിദ്യാർത്ഥികൾക്ക് മറ്റു ഗതാഗത സംവിധാനങ്ങളെ ആശ്രയിക്കേണ്ടതില്ല. വിദ്യാർത്ഥിക്കൾക്കായുള്ള രണ്ടു ബസ്സുകളും മാഹിയിൽ എത്തിയിട്ടുണ്ട്. ഈ ബസ്സുകളിൽ സൗജന്യ യാത്ര ആരംഭിക്കും.

# 'സൈനേജ് പ്രിന്റിങ് മേഖലയെ ദ്രോഹിക്കരുത്'

കോഴിക്കോട്: സൈനേജ് പ്രിന്റിംഗ് മേഖലയിലുള്ള 1244 പ്രിന്റിംഗ് യൂണിറ്റുകളെ എൻഫോഴ്സ്മെന്റ് റെയ്ഡ് നടത്തിയും ഭീമമായ പിഴ ചുമത്തുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയുമാണെന്ന് സൈൻ പ്രിന്റിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഒന്നര ലക്ഷത്തോളം തൊഴിലാളികളുടെ ഉപജീവനമാർഗം പ്രതിസന്ധിയിലാണ്. 29-08-2019ന് ശാസ്ത്രീയ പഠനമില്ലാതെയാണ് സംസ്ഥാന സർക്കാർ ഫ്ളകസ് പ്രിന്റിംഗ് നിരോധിച്ചത്. ഫ്ളക്സ് റീസൈക്കിൾ ചെയ്യാമെന്ന ഡൽഹി ഐ.ഐ.ടിയുടെ പഠന റിപ്പോർട്ട് സർക്കാർ പരിഗണിച്ചിട്ടില്ല. റെക്സിൻ റീസൈക്ലിംഗ് ചെയ്യുന്ന എല്ലാ യൂണിറ്റിലും ഫ്ളക്സ് റീസൈക്ലിംഗ് ചെയ്യാമെന്നിരിക്കേ മറ്റൊരു പ്ലാസ്റ്റിക് ഉൽപ്പന്നമായ പോളി എഥിലിൻ ഉപയോഗിക്കാനാണ് സർക്കാർ വകുപ്പുകൾ നിർദേശിക്കുന്നത്. പോളി എഥിലിൻ മെറ്റീരിയൽ സൈനേജ് പ്രിന്റിംഗിന് ഒരുതരത്തിലും ഉപയോഗ്യമല്ലാത്തതിനാലാണ് പ്രിന്റിംഗ് യൂണിറ്റുകൾ തുണിയിൽ പ്രിന്റ് ചെയ്ത് തുടങ്ങിയത്. തുണിയിൽ പോളിസ്റ്റർ അടങ്ങിയിട്ടുണ്ടെന്ന കാരണം പറഞ്ഞ് തുണി പ്രിന്റിംഗിന് നിരോധനമേർപ്പെടുത്തിയിരിക്കുകയാണ്. പ്രതിസന്ധിയിൽ നിൽക്കുന്ന ഈ മേഖലക്കെതിരായ പീഡനം തുടർന്നാൽ ശക്തമായ സമരപരിപാടികൾ ആവിഷ്കരിക്കുമെന്നവർ കൂട്ടിച്ചേർത്തു. വാർത്താ സമ്മേളനത്തിൽ പ്രസിഡന്റ് സാബിഖ് വി.സി, ജന.സെക്രട്ടറി സിറാജുദ്ദീൻ. കെ, ട്രഷറർ ശ്രീജിത് ജോസഫ് എന്നിവർ സംബന്ധിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.